പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2013 ഫെബ്രുവരി മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാ ഹാളിൽ യോഗം ചേർന്നു.

രാവിലെ 8.50-ന് മുമ്പായി എല്ലാ അംഗങ്ങളും അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി.

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണറെ (ശ്രീ.എച്ച്.ആർ.ഭരദ്വാജ്) ബഹുമാനപ്പെട്ട സ്പീക്കറും നിയമസഭാ സെക്രട്ടറിയും ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിച്ചു. ബഹുമാനപ്പെട്ട ഗവർണ്ണർ ചേംബറിന്റെ കവാടത്തിൽ എത്തിയപ്പോൾ സെക്രട്ടറി ഗവർണ്ണറുടെ ആഗമനം അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറും സ്പീക്കറും ചേംബറിൽ പ്രവേശിച്ചപ്പോൾ എല്ലാ അംഗങ്ങളും എഴുന്നേറ്റ് നിൽക്കുകയും ബഹുമാനപ്പെട്ട ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയഗാനം ആലപിക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഇരിപ്പിടത്തിന് പിന്നിൽ ഇട്ടിരുന്ന കസേരയിൽ ഗവർണ്ണറുടെ അംഗരക്ഷകനും ചേംബറിൽ ഗവർണ്ണറുടെ സെക്രട്ടറിക്കായി ഇട്ടിരുന്ന കസേരയിൽ അദ്ദേഹവും ഇരുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണർ സ്പീക്കറുടെ വേദിയിലെത്തി നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തശേഷം ഉപവിഷ്ടനായി. ബഹുമാനപ്പെട്ട ഗവർണ്ണർ 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

## *ഗവർണ്ണറുടെ പ്രസംഗം

"Honourable Speaker, Hon'ble Chief Minister, Council of Ministers, Hon'ble Members,

I warmly welcome you all to the seventh session of the Thirteenth Kerala Legislative Assembly and its first session in the new year 2013..........................................................................

......................................................................I sincerely hope that the year ahead will be one where our diligent efforts bear fruit manifold times, where our cherished development dreams get fulfilled and where solemn promises made to our people are fulfilled.

JAI HIND"

ഗവർണ്ണറുടെ പ്രസംഗം രാവിലെ 10.20– വരെ നീണ്ടുനിന്നു.

പ്രസംഗം പൂർത്തിയാക്കിയശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കപ്പെട്ടു.

ദേശീയഗാനാലാപനത്തിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

---

* ഗവർണ്ണറുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ........ ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ തന്നെ വിതരണം ചെയ്യുന്നതാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2013 ഫെബ്രുവരി മാസം 04, 06, 07 എന്നീ തീയതികളിൽ നടക്കുന്നതാണ്. നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാനാഗ്രഹിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2013 ഫെബ്രുവരി മാസം 02-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്തു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ഫെബ്രുവരി മാസം 04-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.20-ന് പിരിഞ്ഞു.)

************